# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 5115

28-10-2016- ൽ
മറുപടിയ്ക്ക്

## ന്യൂനപക്ഷ കേന്ദ്രീകൃത വാസ പ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി ന്യൂനപക്ഷ കേന്ദ്രീകൃത വാസ പ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | | സംസ്ഥാനത്ത് ന്യൂനപക്ഷ കേന്ദ്രീകൃത വാസപ്രദേശങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകളിലായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ, വിധവകൾ, വിവാഹബന്ധം വേർപെടുത്തപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്കുള്ള ഭവന പദ്ധതി, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി എന്നിവ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ